# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി15/2592/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി15/2592/2022 തീയ്യതി: 24/01/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-12-2022 | 27-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-12-2022 | 27-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുധാ ജേക്കബ് , ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മറിയാമ്മ എബ്രഹാം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് സി | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. ലിബി സി. മാത്യൂസ് | സെക്രട്ടറി | 08-05-2021 | 28-09-2021 |
| ശ്രീ. എം എസ് വിജയൻ | സെക്രട്ടറി | 29-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിനു മേരി ബഞ്ചമിൻ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി കവിത പി ആർ | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീ.ജിനു വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മനോജ് കെ. എ. | സൂപ്രണ്ട് ,താലൂക്ക് ആശുപത്രി-പാമ്പാടി | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സോണി ചെറിയാൻ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലെൻസി തോമസ് | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാടക - അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല | 1-12 |
| 13 | കർഷകർക്ക് ആട്ടിൻകുട്ടി - തുക വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു | 1-13 |
| 14 | പൂരക പോഷകാഹാരപദ്ധതി- വിനിയോഗവിവരം പൂർണ്ണമല്ല- | 1-14 |
| 15 | ലൈബ്രറികളിൽ വയോജനകോർണർ- സ്റ്റോക്ക് വിവരം/കൈപ്പറ്റ് വിവരം പൂർണ്ണമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 16 | തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-16 |
| 17 | പ്രവർത്തനമില്ലാത്ത കാന്റീനിനായി ഉപകരണങ്ങൾ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | ഷീപാഡ് യൂണിറ്റ്- രേഖകൾ പൂർണ്ണമല്ല- | 1-18 |
| 19 | പിഎംഎവൈ - ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് | 1-19 |
| 20 | കമ്മിറ്റി തീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമല്ല | 1-20 |
| 21 | കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം | 1-21 |
| 22 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല. | 1-22 |
| 23 | നായിപ്ലാവ് കുടിവെള്ളപദ്ധതി - പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല | 1-23 |
| 24 | വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കണം | 1-24 |
| 25 | വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയത് - വിനിയോഗവിവരം ലഭ്യമല്ല | 1-26 |

| | | |
|---|---|---|
| 27 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2021 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 30/03/2022 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ്) | 2021-22 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 500000 | 6035573 |
| വരവ് | 231182500 | 63378171 |
| ആകെ | 231682500 | 69413744 |
| ചെലവ് | 222764950 | 61223025 |
| നീക്കിയിരിപ്പ് | 8917550 | 8190719 |

ബജറ്റ് പ്രകാരം 23.16 കോടി രൂപയുടെ പ്രതീക്ഷിത വരവും 22.27 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 5.10 കോടി രൂപയും ചെലവ് 5.08 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 51039731/- രൂപയും ചെലവ് 50873409/- രൂപയുമാണ്. റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം മുന്നിരിപ്പ് 6035573/- രൂപയും വരവ് 63378171/- രൂപയും ചെലവ് 61223025/- രൂപയും നീക്കിയിരിപ്പ് 8190719/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2020-21 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.
4. 26/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
5. Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും കൃത്യത വിശദീകരിച്ചിട്ടില്ല. നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

6. 125,643/- രൂപ 430100102-Purchase Of Mterial -Stores ശീർഷകത്തിലെ 31/03/2022 ലെ നീക്കിയിരിപ്പ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആധികാരികത വ്യക്തമാക്കിയിട്ടില്ല.
7. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2021 തീയതിയിലെ ബാലൻസ് ഷീറ്റ് ബി-18 ഡെപോസിറ്റ് തുകകളുടെ ആധികാരികതയോ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയോ വ്യക്തമല്ല.
8. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേക്ക് 867,596/- രൂപയുടെ മുൻകൂർ ക്രമീകരിച്ചിരുന്നു. ഇതിൽ 847,720/- രൂപ മാത്രമാണ് മുൻകൂർ(460509901) ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്തത്. ബാക്കി 19,876/- രൂപ ചെലവ് ശീർഷകങ്ങളിലാണ് വരവായി അക്കൗണ്ട് ചെയ്തത്. ചെലവ് ശീർഷകങ്ങളിൽ വരവ് തുക അക്കൗണ്ട് ചെയ്തത് അക്കൗണ്ടിങ്ങ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.
9. എംജിഎൻആർഇജിഎസ് ഫണ്ടിന്റെ വിനിമയം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിശ്ചിത ശീർഷകത്തിൽ (320100101) അക്കൗണ്ട് ചെയ്യുകയും പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതുമായിരുന്നു.
10. ആർപി 31 ഷെഡ്യൂളിൽ 320700404-Contributions For Other Specific Purposes-for Block Panchayaths, 320700405-Contributions For Other Specific Purposes For District Panchayaths എന്നിവയിലുള്ള വരവുകൾ യഥാക്രമം 77648/- രൂപ, 38441/- രൂപ എന്നിവ ഐഎവൈ എന്ന പേരിൽ ലഭ്യമായതിന്റെ വിശദാംശങ്ങളില്ല.

11. ബി 11-Fixed Assets എന്ന ഷെഡ്യൂളിൽ 411500101-Accumulated Depreciation - Vehicles എന്ന ശീർഷകത്തിലെ തുക 410710102-Movable Assets - Vehicles എന്ന ശീർഷകത്തിലെ തുകയേക്കാൾ കൂടുതലാണ്.

12. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ, കോട്ടയത്തിന്റെ 12.05.2021 ലെ ഡി എം 1-6182/2020 നമ്പർ ഉത്തരവ് പ്രകാരം സി എഫ് എൽ ടി സി പ്രവർത്തനങ്ങൾക്കായി ലഭിച്ച 500000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

13. ജി ഒ (ആർ റ്റി) 2617/2022/ഫിൻ തീയതി 31.03.2022 പ്രകാരം മെയിന്റനൻസ് (നോൺ റോഡ്) ഇനത്തിൽ ലഭ്യമായ അലോട്ട്മെന്റ് തുകയായ 466324/- രൂപ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6035573 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63378171 |
| ആകെ | 69413744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61223025 |
| നീക്കിയിരിപ്പ് | 8190719 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9181884 |

## 1-4 ഫണ്ട് വിനിയോഗം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23786000 | 23786000 | 22924092 | 861908 | 96 |
| വികസന ഫണ്ട്-SCP | 0 | 8193000 | 8193000 | 7228699 | 964301 | 88 |
| വികസന ഫണ്ട്-TSP | 0 | 419800 | 419800 | 313000 | 106800 | 75 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 10383169 | 10383169 | 6686057 | 3697112 | 64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 7892427 | 7892427 | 5970082 | 1922345 | 76 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8578350 | 8578350 | 5433143 | 3145207 | 63 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 20000 | 0 | 20000 | 0 | 20000 | -- |
| TSC | 151246 | 5400 | 156646 | 14358 | 142288 | - |

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- 31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡിൽ 466324 രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയാറാക്കിയിരിക്കുന്നത്).

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2021-22 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. ഫണ്ട് വിനിയോഗ കണക്കുകളിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 10.03.2022ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 20-01-21, 30-09-21, |

| | |
|---|---|
| | 11-10-21 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 06-02-21 |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 06-02-21 |
| വികസനസെമിനാർ | 11-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 83323764/- രൂപയും ആകെ ചെലവ് 48656473/-രൂപയുമാണ്. ചെലവ് 58.4%. 33 സ്പിൽഓവർ പ്രോജക്ടുകളും 75പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 108 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 75 എണ്ണം തൻവർഷം നടപ്പാക്കി. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 9 നിർവ്വഹണോദ്യോഗസ്ഥരിൽ കൃഷി ഓഫീസർ, സെക്രട്ടറി, വിഇഒ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർക്ക് 50% ൽ താഴെയാണ് ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ | 3 | 3 | 3033204 | 3032859 | 99.9 |
| സെക്രട്ടറി | 49 | 37 | 40474605 | 24788027 | 61.2 |
| എസ് സി ഡി ഒ | 3 | 3 | 4325000 | 4300000 | 99.4 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 4 | 4 | 3157960 | 3157340 | 99.9 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 1000000 | 800000 | 80 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 7673000 | 4038700 | 52.6 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 420000 | 70000 | 16.7 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 0 | 4830000 | - | - |
| അസിസ്റ്റന്റ് എഞ്ചിനീയർ | 40 | 23 | 18409995 | 8469547 | 46 |
| ആകെ | 108 | 75 | 83323764 | 48656473 | 58.4 |

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ സത്യനാഥൻ-കാഞ്ഞിരമറ്റം റോഡ് ടാറിംഗ് അകലക്കുന്നം ഗ്രാമപഞ്ചായത്ത് (നം.32/22) എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക (960513) സുലേഖ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 861908 |
| 2 | വികസനഫണ്ട്, എസ്.സി.പി | 964301 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 106800 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 3145207 |
| | ആകെ | 5078216 |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച മുൻകൂർ ക്രമീകരിക്കുന്നതിനു വേണ്ടിയാണ് MGNREGS ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം അക്കൗണ്ട് ചെയ്തിട്ടില്ല. 2021-22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 165259 |
| വരവ് | PFMS വരവ് | 465450 | 714143 |
| | മറ്റ് വരവുകൾ | 243743 | |
| | പലിശ | 4950 | |
| | ആകെ വരവ് | 714143 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 879402 |
| ചെലവ് | മുൻകൂർ തിരിച്ചടവ് | 748651 | 748651 |
| നീക്കിയിരിപ്പ് | | | 130751 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) പള്ളിക്കത്തോട് ശാഖയിലെ 67131752364 നമ്പർ അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം നടത്തുന്നത്. അഡ്മിനിസ്ട്രേറ്റീവ് ചെലവുകളായ അക്രഡിറ്റഡ് എഞ്ചിനീയറുടെയും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ശമ്പളം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത്തിലാണ് നൽകുന്നത്. പ്രസ്തുത ഇനം മുൻകൂർ ലഭിച്ച തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി ലഭിച്ച തുകയുടെ മുന്നിരിപ്പ്, തൻവർഷം ലഭിച്ച തുക എന്നിവ ലഭ്യമല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് ക്രമീരിക്കാനുള്ള തുക വർഷാവസാനം 31/03/2022-ൽ നിലനിൽക്കുന്നത് എത്രയാണ് എന്ന് വ്യക്തമല്ല. തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ സാമ്പത്തിക ഇടപാടുകളുടെയും കണക്കുകൾ കൃത്യമായി സൂക്ഷിച്ചെങ്കിൽ മാത്രമേ മുൻകൂർ തിരിച്ചടവ് കൃത്യമാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളിലും അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ താഴെപ്പറയുന്നതിന് മാത്രമേ ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുള്ളൂ.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2022 തീയതിയിൽ 3.15 പി.എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷൻ ലഭ്യമായിരുന്നില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമല്ല. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. തനതുഫണ്ടിൽ നിലനിൽക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. മാന്വൽ രസീതുകൾക്ക് പ്രത്യേകം കളക്ഷൻ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. മിക്ക വർക്കിംഗ് ഗ്രൂപ്പുകളും തൻവർഷം കൂടിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്കുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. ഇക്കാര്യങ്ങൾ തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/207 - 25/12/2017 | 2013-14 മുതൽ 2016-17 വരെ | LBA(WQ) II/8A/2727/324 തീയതി 29/01/2018 |

## 1-11 വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റേതായി വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടകക്കാർ 2021-22 വർഷത്തെ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ലെന്നു കാണുന്നു. രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരൻ/സ്ഥാപനം | അടവാക്കാനുള്ള തുക |
|---|---|---|---|
| 1 | XIII/7 BP | സരിത ആർ | 35464 |

| | | | |
|---|---|---|---|
| 2 | XIII/7 CP | സരിത ആർ | 31980 |
| | | | |
| 3 | XIII/7 EP | സരിത ആർ | 31932 |

വാടക കുടിശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/24.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

2. വാടക രജിസ്റ്ററിൽ ഓരോ കെട്ടിടത്തിന്റെയും മാസ വാടക എത്രയെന്നോ ഏതൊക്കെ മാസങ്ങളിലെ വാടകയാണ് അടവാക്കാനുള്ളത് എന്നോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ കെട്ടിടത്തിന്റെയും വർഷാന്ത്യത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3. 2021-22 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 198365/- രൂപ പഴയ വർഷങ്ങളിലെ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. മുൻകാല കുടിശ്ശിക നിലനിൽക്കുമ്പോഴും അതേ വ്യക്തികൾ തന്നെ മേൽ കെട്ടിങ്ങളിൽ വാടകയ്ക്ക് തുടരുന്നു.

4. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഒന്നാം നിലയിലെ ഹാൾ 2021-22 വർഷം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ ലേലം നടത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഇ-ടെണ്ടർ ഫീസ് ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം, പാമ്പാടി ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെൻണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ ഫീസ് അക്കൗണ്ടിലേയ്ക്ക് (A/c No. 37688804416 SBI-പള്ളിക്കത്തോട്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടില്ല. തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമാക്കുവാനും തുടർന്ന് ഫാറം വില പഞ്ചായത്ത് തനത് ഫണ്ടിലും, ജി.എസ്.റ്റി അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-13 കർഷകർക്ക് ആട്ടിൻകുട്ടി - തുക വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 117/21-22, സുഭിക്ഷ കേരളം – കർഷകർക്ക് ആട്ടിൻകുട്ടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 3,03,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | 3,03,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| ബിൽ നം., തീയതി | 7/21-22, 16.03.2022 – 150000/-<br>10/21-22, 23.03.2022 – 75000/-<br>BRN21080752033201391882, 21.03.2022 – 78000/- |

സുഭിക്ഷ കേരളം – കർഷകർക്ക് ആട്ടിൻകുട്ടി എന്ന പദ്ധതിക്കായി വിവിധ പഞ്ചായത്തുകൾക്ക് മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുണ്ട്. ബിൽ നം. 10/21-22, 23.03.2022 പ്രകാരം 75000/- രൂപ

മണർകാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/24.12.2022) ഗുണഭോക്താക്കളുടെ അഭാവം മൂലം മണർകാട് ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയില്ല എന്നും ആയതിനാൽ തുക പഞ്ചായത്തിന്റെ കൈവശം വിനിയോഗിക്കാതെ അവശേഷിക്കുന്ന എന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന 75000/- രൂപ മണർകാട് ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

1-14 പൂരക പോഷകാഹാരപദ്ധതി- വിനിയോഗവിവരം പൂർണ്ണമല്ല-

പ്രോജക്ട് നം. 57/21-22

| അടങ്കൽ | ചെലവ്-തുക /ബിൽനം |
|---|---|
| വികസനഫണ്ട്-1300000 | 850000-BB No.3/2021-22 /18-01-22<br>250000-BB No.4/2021-22 /15-02-22<br>200000-BB No.6/2021-22 /21-03-22 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്- 179371- | 179371- 233/28-03-22 |
| ആകെ- 1479371- | 1479371- |

സിഡിപിഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പൂരകപോഷകാഹാരപദ്ധതിയിൽപ്പെടുത്തി (നം.57/22) ആകെ 1479371/- രൂപ വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. മീനടം, എലിക്കുളം, അകലക്കുന്നം, പള്ളിക്കത്തോട്, കൂരോപ്പട ഗ്രാമപഞ്ചായത്തുകൾക്കായാണ് വികസനഫണ്ട് ചെലവഴിച്ചത്. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ 94610/- രൂപ അകലക്കുന്നം ഗ്രാമപഞ്ചായത്തിനും, 84761/- രൂപ പാമ്പാടി ഗ്രാമപഞ്ചായത്തിനുമാണ് നൽകിയത്. വികസനഫണ്ടിൽ നിന്നും നൽകിയ മുഴുവൻ തുകയ്ക്കും, ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയ 94610/- രൂപയ്ക്കുമുള്ള വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും പാമ്പാടി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 84761/- രൂപയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആയതിനാൽ ടി 84761/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 ലൈബ്രറികളിൽ വയോജനകോർണർ- സ്റ്റോക്ക് വിവരം/കൈപ്പറ്റ് വിവരം പൂർണ്ണമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്- 331060 | 330715- BB No.8/2021-22 /30-03-22 |

സിഡിപിഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ലൈബ്രറികൾക്ക് വയോജനകോർണർ (നം. 156/22 ) പ്രോജക്ട് പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും വിവിധ ലൈബ്രറികൾക്ക് 12 മേശ, 105 കസേര, 4 അലമാര, 8 ടി വി, 2 കാരംസ് ബോർഡ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ലൈബ്രറികളുടെ കൈപ്പറ്റ് വിവരവും വിതരണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററും ഉണ്ടെങ്കിലും കൈപ്പറ്റ് രസീതിലും, സ്റ്റോക്ക് രജിസ്റ്ററിലും ഉപകരണങ്ങളുടെ എണ്ണം പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ വിതരണവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.6) കൈപ്പറ്റ് രസീത് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. രേഖകൾ പൂർണ്ണമായി ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 330715/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 തനത് ഫണ്ട് ചെലവുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ യുപിഎസ് പ്രവർത്തിപ്പിക്കുന്നതിനായി വയറിങ്ങ് ചെയ്യുന്നതിന് 18473 രൂപ അനിൽ കുമാർ കെ എസി ന് നൽകിയതായി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നമ്പർ- 6012316/18.04.21). എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/23.12.22) രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. രേഖകൾ/വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 18473 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പ്രവർത്തനമില്ലാത്ത കാന്റീനിനായി ഉപകരണങ്ങൾ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 174/22 |
| പ്രോജക്ട് | ബ്ലോക്ക് ഓഫീസ് കാന്റീൻ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ചെലവ് |
| വികസനഫണ്ട് - 140000/- | 138875- Bill No. 245/30-03-22 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ബ്ലോക്ക് ഓഫീസ് കാന്റീൻ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കാന്റീൻ പ്രവർത്തനത്തിനായി സിതാര ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും അടുക്കള ഉപകരണങ്ങൾ (ആകെ 89 ഇനങ്ങൾ) വാങ്ങിയിട്ടുണ്ട്. ഇൻവോയ്സിൽ ഇത്രയും സാധനങ്ങൾ കൈപ്പറ്റി എന്ന് ഒരാൾ ഒപ്പിട്ടിരിയ്ക്കുന്നതല്ലാതെ ആരാണെന്ന് വ്യക്തമല്ല. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.




കാന്റീൻ പ്രവർത്തനക്ഷമമാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് (നം.9/26.12.2022) കാന്റീൻ നടത്തിപ്പ് ചുമതല ലീലാമണി, ദീപം കുടുംബശ്രീ, എലിക്കുളം എന്നയാൾക്ക് 30/5/22-ൽ നൽകിയിരുന്നെങ്കിലും കാന്റീൻ കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം പ്രവർത്തനം തുടരാനായില്ലെന്നും, കെട്ടിടം മെയിന്റനൻസിനായി 22-23 വർഷം പ്രോജക്ട് വച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കാന്റീൻ പ്രവർത്തനം ആരംഭിയ്ക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ, വാങ്ങിയ അടുക്കള ഉപകരണങ്ങൾ മറ്റൊരു കെട്ടിടത്തിൽ സൂക്ഷിച്ചിരിയ്ക്കുന്നതായും, അവയിൽ ഫ്രിഡ്ജ് ബ്ലോക്ക് ഓഫീസിൽ ഉപയോഗിയ്ക്കുന്നതായും, പഴയ കാന്റീൻ കെട്ടിടം ആൽമരത്തിന്റെ വേരുകൾ പടർന്ന വിള്ളലുകൾ വീണും കെട്ടിടത്തിന് ചുറ്റും കാട് കയറിയും കെട്ടിടത്തിന്റെ ഉൾഭാഗം പൊടിപടലങ്ങൾ നിറഞ്ഞ് വൃത്തിഹീനമായും കിടക്കുന്നതായി ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള

പരിശോധനയിൽ വ്യക്തമായി. കെട്ടിടം ഉപയോഗയുക്തമാക്കി കാന്റീൻ പ്രവർത്തനക്ഷമമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 138875/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 ഷീപാഡ് യൂണിറ്റ്- രേഖകൾ പൂർണ്ണമല്ല-

| | |
|---|---|
| പ്രോജക്ട് നം. | 131/22 |
| അടങ്കൽ | ചെലവ് |
| വികസനഫണ്ട്- 1160000 | 1150000-bill No.226/27-03-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഷീപാഡ് യൂണിറ്റ് എന്ന പ്രോജക്ട് പ്രകാരം ബ്ലോക്കിന് കീഴിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥിനികളുടെ എണ്ണത്തിന് ആനുപാതികമായി ഇൻസിനറേറ്റർ, പാഡുകൾ, പാഡ് സൂക്ഷിയ്ക്കുന്നതിനുള്ള അലമാര എന്നിവ സ്ഥാപിയ്ക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. വിവിധ സ്കൂളുകളുടെ ആവശ്യമനുസരിച്ച് തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം 32 ഇൻസിനറേറ്റർ, 35 അലമാര, 20040 ഷീപാഡ് പാക്കറ്റുകൾ എന്നിവയാണ് വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. നിർവ്വഹണ ഏജൻസിയായ കെൽട്രോണിൽ നിന്ന് ലഭ്യമായ ടാക്സ് ഇൻവോയ്സ് പ്രകാരം 18 Vending Machine, 18 Incinerator, Pads ( 90 CTN ) എന്നിവ വാങ്ങിയിട്ടുണ്ട്. കെൽട്രോണിന്റെ 19.03.2022ലെ ടാക്സ് ഇൻവോയ്സ് പ്രകാരം 11,55,101/- രൂപയാണ് ആകെ ചെലവെങ്കിലും തുക 11,50,000/-ലേയ്ക്ക് നോഗോഷ്യേറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഓരോ Delivery Chalan ലും Sanitary Napkin Incinerator ഒരെണ്ണം കൈപ്പറ്റിയതായി ഹെഡ്മാസ്റ്ററുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ട്. പാഡുകൾ അലമാര എന്നിവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് വ്യക്തമല്ല. ഇവയുടെ ഇൻസ്റ്റലേഷൻ, പ്രവർത്തനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.9) ഇവ സ്കൂളുകളിലേയ്ക്ക് നൽകിയിട്ടുള്ളതാണെന്ന് സെക്രട്ടറി മറുപടി നൽകിയെങ്കിലും ഇൻസ്റ്റലേഷൻ റിപ്പോർട്ട് പൂർണമല്ല. രേഖകൾ പൂർണമായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 11,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പിഎംഎവൈ - ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്

തൻവർഷം പിഎംഎവൈ പദ്ധതിയിൽ പ്രോജക്ട് പ്രകാരം ചെലവില്ലെങ്കിലും പിഎംഎവൈയുടെ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുകയിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. ആകെയുള്ള 19 ഗുണഭോക്താക്കളിൽ തൻവർഷം ജനറൽ, എസ് സി, എസ് ടി വിഭാഗങ്ങളിൽ നിന്ന് 17 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 2 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിയ്ക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഭവനനിർമ്മാണം പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര്, വിലാസം | ഗ്രാമപഞ്ചായത്ത് |
|---|---|
| ലാലു.പി.കെ, ഇടുക്കനാനിയിൽ, കരിമ്പാനി.പി.ഒ | അകലക്കുന്നം |
| രത്നമ്മ, അറത്തറ, അരുവിക്കുഴി | കൂരോപ്പട |
| പി.എൻ.രാഘവൻ, പുളിയ്ക്കൽ, എസ് എൻ പുരം | കൂരോപ്പട |
| സിൽവിമോൾ പി.ആർ, ഇഞ്ചിക്കാലായിൽ | പാമ്പാടി |
| മഹിളാമണി എൻ.ആർ, പെരുമ്പ്രാത്ത് | മണർകാട് |
| ശോഭന സജി, വണ്ടാനത്തുചിറ,പാറമ്പുഴ | മണർകാട് |
| ശാന്തമ്മ തങ്കപ്പൻ, കൊച്ചുപുരയ്ക്കൽ | മണർകാട് |
| മധുസൂദനൻനായർ, ചേറ്റിയ്ക്കൽ | കിടങ്ങൂർ |
| ശാന്ത വി.റ്റി, നെല്ലിപ്പുഴക്കുന്നേൽ | കിടങ്ങൂർ |
| കോമളചന്ദ്രൻ, കോടയിൽ മടുക്കക്കുന്ന് | എലിക്കുളം |

| | |
|---|---|
| ഷാജി ആർ,, മനകുന്നേൽ, കൂരാലി | എലിക്കുളം |
| സവിത രതീഷ്, ബംഗ്ലാവ് പറമ്പിൽ | എലിക്കുളം |
| ഗോപാലൻ, ചക്കാമ്പുഴ | പള്ളിക്കത്തോട് |
| ജാനകി, ആനിക്കാട് | പള്ളിക്കത്തോട് |
| ബിജു.കെ.ബി, കിഴക്കേടത്തുകുന്നേൽ | പള്ളിക്കത്തോട് |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്നവരിൽ രണ്ടു പേർ മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലാലു.പി.കെ, ഇടുക്കനാനിയിൽ, കരിമ്പാനി പി.ഒ.- അകലക്കുന്നം ഗ്രാമപഞ്ചായത്ത്- 48000 രൂപ 16-03-22 ന് നൽകി
2. ബിജുകെ.ബി, കിഴക്കേടത്തുകുന്നേൽ, ആനിക്കാട് പി.ഒ- പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്- 48000 രൂപ 15-03-22 ന് നൽകി.

ആയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം. 10) നിലവിൽ ശ്രീ ബിജു കെ ബി പണികൾ ആരംഭിച്ചുവെന്നും എന്നാൽ ശ്രീ ലാലു. പി.കെ പണി ആരംഭിച്ചിട്ടില്ലെന്നും തുക പലിശ സഹിതം തിരികെ അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 കമ്മിറ്റി തീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ വിവരം ലഭ്യമല്ല

വിവിധ വിഷയങ്ങളിൻമേൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

1. 1(2)/19-04-21 & 1(5)/19-04-21- 2(1)ADC(PA) യുടെ 15-03-21 ലെ ഓഡിറ്റ് നോട്ട് പ്രകാരം കിടങ്ങൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ മോട്ടോർ പൈപ്പ് ലൈൻ ദീർഘിപ്പിക്കലിന്റെ ചെലവിനത്തിൽ വികസനഫണ്ടിൽ നിന്നും അധികമായി നൽകിയ 25029/- രൂപ ഗുണഭോക്തൃവിഹിതമായി കിട്ടിയ 55000/- രൂപയിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് അനുമതി നൽകുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തത് കമ്മിറ്റി അംഗീകരിച്ചു.
2. 1(4)/16-06-21- സംയുക്തപ്രോജക്ടായ ജനകീയഹോട്ടൽ ബ്ലോക്ക് കെട്ടിടത്തിൽ തുടങ്ങുന്നതിന് തീരുമാനിച്ചു.
3. 1(1)/20-09-21-പൈക സിഎച്ച്സിയിൽ നബാർഡ് സഹായത്തോടെ പണി പൂർത്തിയായി വരുന്ന സിഎച്ച്സി കെട്ടിടത്തിന്റെ വടക്കുപടിഞ്ഞാറായി കൂട്ടിയിട്ടിരിക്കുന്ന മണ്ണും പാറക്കഷ്ണങ്ങളും വർദ്ധിപ്പിച്ച സീനിയറേജ്, റോയൽട്ടി എന്നിവ കാരണം ടി മണ്ണ് ലേലം കൊള്ളുന്നതിന് ആരും തയ്യാറായില്ല എന്നതിനാൽ ടി മണ്ണ് ലേലം ചെയ്ത് നൽകുന്നതിന് സീനിയറേജ്, റോയൽട്ടി എന്നിവ ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു. ടി മണ്ണ് സർക്കാർ മരാമത്ത് പണികൾക്ക് ആവശ്യമാകുന്ന പക്ഷം ആയതിന് ഉപയോഗിക്കുന്നതിന് അനുമതി തേടുന്നതിനും തീരുമാനിച്ചു.
4. 4(2)/20-09-21- മുണ്ടൻകുന്ന് സിഎച്ച് സി യിൽ നിൽക്കുന്ന മരങ്ങൾ ( മരുതി-1, പഞ്ഞി മരം- 1, പൂവാക-1) എന്നിവ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടെ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു.
5. 5(1)/25-09-21- പാമ്പാടി ബ്ലോക്ക് ഓഫീസ് പരിസരത്ത് നീക്കം ചെയ്യേണ്ട മണ്ണിന്റെ വില നിർണ്ണയിക്കുന്നതിന് ജിയോളജി വകുപ്പിന് കത്ത് നൽകുന്നതിന് തീരുമാനിച്ചു.
6. 4(12, 13)/09-12-21- RRF പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും ക്ലീൻ കേരള കമ്പിനിയുടെ AMC പുതുക്കുന്നതിന് സെക്രട്ടറിയ്ക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചു.
7. 5 (3)/29-12-21- ബ്ലോക്ക് ഓഫീസ് പരിസരത്തെ മണ്ണ് ലേലം കൊണ്ട അനീഷ്,

വടക്കേക്കുനാനിയിൽ എന്നയാൾ 660 M3 മണ്ണിന്റെ പകുതി വിലയായ 78000/- 4-2-20 ൽ അടച്ചുവെങ്കിലും സീനിയറേജ്, റോയൽട്ടി ഇനത്തിലെ 92400- അടയ്ക്കുകയോ, മണ്ണിന്റെ ബാക്കി തുക അടയ്ക്കുകയോ ചെയ്യാത്തതിനാൽ ക്വാട്ട് ചെയ്ത മുഴുവൻ തുകയായ 170371/- രൂപ 5 ദിവസത്തിനകം അടയ്ക്കാത്ത പക്ഷം ടിയാൻ അടച്ച തുക കണ്ടുകെട്ടുന്നതിനും മണ്ണ് പുനർലേലം ചെയ്യുന്നതിനും തീരുമാനിച്ചു.

8. 4(1)/19-02-22- ക്ലീൻ കേരള കമ്പനി വേതന കുടിശ്ശിക നൽകാത്തതിനാൽ ജീവനക്കാർക്ക് വേതനം നൽകാൻ സാധിക്കുന്നില്ല. കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് നീക്കം ചെയ്യാത്തതിനാൽ പഞ്ചായത്തുകളിൽ നിന്നുള്ള പ്ലാസ്റ്റിക് ശേഖരിക്കാൻ സാധിക്കുന്നില്ല. പ്ലാസ്റ്റിക് കെട്ടിക്കിടക്കുന്നതുകൊണ്ട് ജനങ്ങൾ പ്രതിഷേധത്തിലാണ്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജില്ലാശുചിത്വമിഷൻ അധികാരികളെക്കൂടി പങ്കെടുപ്പിച്ച് മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.

തീരുമാനങ്ങളുടെ തുടർനടപടികൾ ആരാഞ്ഞ് അന്വേഷണകുറിപ്പ് (നം. 11) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രാധാന്യമേറിയ മേൽ വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് രേഖാമൂലം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 27/08/22 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് കണ്ടു.

1. മുഴയനാൽ തൊഴിൽ പരിശീലനകേന്ദ്രം - വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 96/22 |
| തുക | 71469 രൂപ<br>(എസ് സി പി) |

2021-22ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടം തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കിയിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായി. വൈദ്യുത കണക്ഷൻ ലഭിക്കുവാനും കെട്ടിടം ഉപയോഗയോഗ്യമാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

2. കുരോപ്പട ഫെഡറേറ്റിംഗ് മാർക്കറ്റ് - പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 83/22 |
| തുക | 50156 രൂപ<br>വികസനഫണ്ട് (പൊതു) |

കെട്ടിട നിർമ്മാണവും വയറിംഗും പൂർത്തീകരിച്ച് വൈദ്യുത കണക്ഷനും ലഭ്യമായിട്ടുണ്ട്. എന്നാൽ നാളിതുവരെ കെട്ടിടം പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. കെട്ടിടം പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 റോഡ് ടാറിംഗ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 32/22 |
| പ്രോജക്ട് | സത്യനാഥൻ കാഞ്ഞിരമറ്റം റോഡ് ടാറിംഗ് -അകലക്കുന്നം |

| | |
|---|---|
| | ഗ്രാമപഞ്ചായത്ത് |
| തുക | 500000 (വികസന ഫണ്ട് (പൊതു))<br>960513 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ - 1460513 രൂപ<br>(ബിൽ നം - 22/30.03.22) |
| കരാറുകാരൻ | ജോസ് സിറിയക് |

പ്രോജക്ടിന്റെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില (ജി എസ് റ്റി ഉൾപ്പെടെ) 51 X 281 = 14331 രൂപ) കുറവ് ചെയ്തിട്ടില്ല. തുക കരാറുകാരനിൽനിന്നും ഈടാക്കി കാലി ബാരൽ വില ബിറ്റുമിൻ വാങ്ങാൻ തുക വിനിയോഗിച്ച ഫണ്ടിലേയ്ക്കും 18% ജി എസ് റ്റി വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തനത് ഫണ്ടിൽ അവശേഷിക്കുന്ന ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കണം

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖ 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും ആയത് ബാധ്യത കണക്കിൽ ചേർത്ത് ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. ഓഡിറ്റ് വർഷം ഇത്തരത്തിൽ ലഭിച്ചിട്ടുള്ള തുക കണക്കാക്കി ബാരൽ വിലയും, 18% ജി എസ് റ്റിയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

1-23 നായിപ്ലാവ് കുടിവെള്ളപദ്ധതി - പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 118/22 |
| തുക | അടങ്കൽ - 500000 രൂപ<br>ചെലവ്- 433362 രൂപ(സി എഫ് സി)<br>ബിൽ നം -235/28-03-22) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

നിലവിൽ പ്രവർത്തിച്ചുവരുന്ന കുടിവെള്ളപദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനായി നിലവിലുള്ള കിണറിന് ആഴം കൂട്ടുക, കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുക, പുതിയ വാട്ടർ ടാങ്ക് പ്ലാറ്റ് ഫോം, 5000 ലിറ്ററിന്റെ പുതിയ വാട്ടർ ടാങ്ക് സ്ഥാപനം , 320 M നീളത്തിൽ HD പൈപ്പ് പമ്പിംഗ് മെയിൻ സ്ഥാപനം എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 433362 രൂപ ചെലവഴിച്ച് വാട്ടർ ടാങ്ക് പ്ലാറ്റ് ഫോം, 5000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപനം, 320 M നീളത്തിൽ HD പൈപ്പ് സ്ഥാപനം എന്നിവ പൂർത്തീകരിച്ചിട്ടുള്ളതായും, നിലവിലുള്ള കിണറിന് ആഴം കൂട്ടൽ, കോൺക്രീറ്റ് റിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ലായെന്നും 27/12/22 ലെ പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. നിലവിൽ പമ്പിംഗ് മെയിൻ പുതിയ വാട്ടർ ടാങ്ക് വരെയെത്തിച്ച് ജലം ലഭ്യമാക്കിയിട്ടില്ല.



അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (13/27.12.22)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 433362 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കണം

2021-22 ൽ ചുവടെ ചേർക്കുന്ന വിവിധ കുടിവെള്ള/ജലസേചന പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. ആയവ തുടർ പ്രോജക്ടുകളിലൂടെ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | തുക (രൂപ) | ഫണ്ടിനം | പ്രോജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തി | നിലവിൽ അവശേഷിക്കുന്ന പ്രവൃത്തി |
|---|---|---|---|---|---|
| 1 | 84/22, എലിക്കുളം ഗ്രാമപഞ്ചായത്ത് 14-ാംവാർഡിൽ പുല്ലാട്ട്കുന്ന് ജലസേചന പദ്ധതി പൂർത്തീകരണം | 74491 | ധനകാര്യ കമ്മീഷൻ അവാർഡ് | മോട്ടോർ സ്ഥാപിക്കൽ | ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. |
| 2 | 91/22,കന്നുകുഴി കുടിവെള്ള പദ്ധതി - കുടിവെള്ള കിണർ കുഴിക്കൽ | 289538 (ബിൽ നം. 19/30.03.22) | ധനകാര്യ കമ്മീഷൻ അവാർഡ് | കുടിവെള്ള പദ്ധതിയ്ക്കായി - കുടിവെള്ള കിണർ കുഴിക്കൽ | കിണറിന്റെ ആഴം കൂട്ടൽ, പൈപ്പ് ലൈൻ സ്ഥാപനം, ഇലക്ട്രിഫിക്കേഷൻ |
| 3 | 90/22,പാമ്പാടി പഞ്ചായത്ത് | 380392 (ബിൽ നം . | ധനകാര്യ കമ്മീഷൻ | പമ്പ് ഹൗസ് , പമ്പിംഗ് | പൂർത്തീകരണത്തിനാവശ്യമായ മറ്റ് പ്രവൃത്തികൾ പാമ്പാടി |

| | | | | | |
|---|---|---|---|---|---|
| | വെള്ളൂർ ഡിവിഷനിൽ കുന്നേൽപീടിക കുടിവെള്ളപദ്ധതി | 12/25.03.22) | അവാർഡ് | മെയിൻ , വിതരണ ലെയിൻ | ഗ്രാമപഞ്ചായത്ത് 20-21 പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം പാമ്പാടി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. |
| 4 | 118/22 , നായിപ്ലാവ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 433362 | ധനകാര്യ കമ്മീഷൻ അവാർഡ് | പുതിയ വാട്ടർ ടാങ്ക് പ്ലാറ്റ്ഫോം, വാട്ടർ ടാങ്ക് സ്ഥാപനം, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ | പ്രോജക്ടിന്റെ ഭാഗമായിരുന്ന കിണറിന്റെ ആഴം കൂട്ടൽ പ്രായോഗികബുദ്ധിമുട്ട് മൂലം നടപ്പാക്കാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. |
| 5 | 112/22,പള്ളിക്കുന്ന് കുടിവെള്ള പദ്ധതി പാമ്പാടി ഗ്രാമപഞ്ചായത്ത് | 450608 (ബിൽ നം . 17/27.03.22) | ധനകാര്യ കമ്മീഷൻ അവാർഡ് | ഓവർഹെഡ് വാട്ടർടാങ്ക് , പമ്പ് ഹൗസ്, കിണറിന് മൂടി, സംരക്ഷണ ഭിത്തി നിർമ്മാണം | വിതരണലൈൻ ,വൈദ്യുത കണക്ഷൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനായി 2022-23 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. |
| 6 | 136/22, വെള്ളൂർ ഡിവിഷൻ പാമ്പാടി ഗ്രാമപഞ്ചായത്ത് വാർഡ് 18 പറയരുതോട്ടം കുടിവെള്ള പദ്ധതി | 453107 (11/30-03-22) | ധനകാര്യ കമ്മീഷൻ അവാർഡ് | ഓവർഹെഡ് വാട്ടർടാങ്ക്, പമ്പ് ഹൗസ്, കിണറിന് മൂടി, പമ്പിംഗ് മെയിൻ | വിതരണലൈൻ ,വൈദ്യുത കണക്ഷൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനായി 2022-23 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. |
| 7 | 34/22, പള്ളിക്കത്തോട് പഞ്ചായത്ത് വാർഡ് -13 വാഴെപ്പറമ്പ് കുളം സംരക്ഷണം | 497848 (ബിൽ നം- 181/19-03-22 - 389832 രൂപ, ബിൽ നം- 223/27-03-22 - 108016 രൂപ) | ധനകാര്യ കമ്മീഷൻ അവാർഡ് | കുളം സംരക്ഷണ ഭിത്തി | പദ്ധതി പൂർത്തീകരണത്തിനായി 2022-23 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. |

കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നുണ്ട് എന്ന് നിർവഹണോദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 15/22.ബ്ലോക്ക് പരിധിയിൽ കുഴൽക്കിണർ | 07/09-07-21 | 1000000 | - | 1000000 |
| | 176/22. ബ്ലോക്ക് പഞ്ചായത്ത് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | | 745320 | - | 745320 |
| | ആകെ | | 1745320 | | 1745320 |

വിനിയോഗ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 17,45,320/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയത് - വിനിയോഗവിവരം ലഭ്യമല്ല

വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ കൊടുത്തിരിക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിനിയോഗവിവരം ലഭ്യമാകുന്നത് വരെ ആകെ ചെലവഴിച്ച 4431378/- രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം | പ്രോജക്ട് നം. പേര് | ഗ്രാമപഞ്ചായത്ത് | തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | 158/22പാമ്പാടി,കൂരോപ്പട ഗ്രാ.പ.മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | പാമ്പാടി | 333120 | 200/24-03-22 |
| 2 | 46/22പാലിയേറ്റീവ് കെയർ | മീനടം | 500000 | 96/20-12-21 |
| 3 | 163/22സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | മീനടം | 500000 | 162/16-03-22 |
| 4 | 105/22പള്ളിക്കത്തോട് വാർഡ് 5മക്കനാൽ ജലസേചനപദ്ധതി | പള്ളിക്കത്തോട് | 300000 | 107/06-01-22 |
| 5 | 111/21 ടേക്ക് എ ബ്രേക്ക് പൂർത്തീകരണം | കിടങ്ങൂർ | 250000 | 204/24-03-22 |
| 6 | 134/22എംസിഎഫ് വിഹിതം | കിടങ്ങൂർ | 500000 | 205/24-03-22 |

| | | | | |
|---|---|---|---|---|
| | നൽകൽ | | | |
| 7 | 8/22ലൈഫ്- എസ് ടി | കിടങ്ങൂർ | 95000 | 25/06-10-21 |
| | | " | 18000 | 39/06-10-21 |
| | | ക്കുരോപ്പട | 110000 | 168/18-03-22 |
| 8 | 164/22പാമ്പാടി,ക്കുരോപ്പടമിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ | പാമ്പാടി | 12698 | 169/18-03-22 |
| | | " | 166560 | 201/24-03-22 |
| 9 | 106/22 ലൈഫ് എസ് സി | | 225000 | 22/22-09-21 |
| 10 | 7/22ലൈഫ് എസ് സി | പാമ്പാടി | 60000 | 7/14-07-21 |
| | | പള്ളിക്കത്തോട് | 40000 | 11/14-07-21 |
| | | " | 120000 | 12/14-07-21 |
| | | കിടങ്ങൂർ | 320000 | 24/06-10-21 |
| | | പാമ്പാടി | 100000 | 33/06-10-22 |
| | | അകലക്കുന്നം | 540000 | 34/06-10-22 |
| | | ക്കുരോപ്പട | 200000 | 38/06-10-22 |
| | | മീനടം | 50000 | 76/29-11-22 |
| | | ക്കുരോപ്പട | 180000 | 114/17-01-22 |
| | | എലിക്കുളം | 185000 | 127/15-02-22 |
| | | പാമ്പാടി | 200000 | 186/21-03-22 |
| 11 | 160/22സുഭിക്ഷകേരളം-മത്സ്യകൃഷിക്ക് | മീനടം | 200000 | 128/15-02-22 |
| | | ആകെ | 5205378 | |

1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 നോടനുബന്ധിച്ച് കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ( CSLTC) 16.11.20 മുതൽ 01/03/2022 വരെ പാമ്പാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചിരുന്നു. കൂടാതെ അകലക്കുന്നം ഗവ. കെ.ആർ.എൻ.എം ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ 08/05/2021 മുതൽ 25.09.21 വരെ പ്രവർത്തിച്ച CFLTC യുടെ പ്രവർത്തന ചുമതലയും പാമ്പാടി ബ്ലോക്ക് വഹിക്കുകയുണ്ടായി .

വിവിധ മേഖലയിലുള്ള ഭക്ഷണ വിതരണ ചെലവുകൾ, ശുചീകരണചെലവുകൾ, ട്രീറ്റ്മെന്റ് സെന്ററുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ എന്നിവയാണ് കോവിഡുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിനുണ്ടായ പ്രധാന ചെലവുകൾ. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് 5046277 രൂപ 31/03/2022 വരെ ചെലവഴിച്ചിട്ടുണ്ട് (2021-22 ൽ മാത്രം 4504352 രൂപ ചെലവഴിച്ചു ) . ചെലവിന്റെയും തിരികെ ലഭിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| | നടത്തിപ്പ് ചെലവ് | തിരികെ ലഭിച്ചത് |
|---|---|---|
| CSLTC | 3546277 രൂപ | കോട്ടയം ജില്ലാ കളക്ടറുടെ 29.08.22 ലെ ഡിഎം1/6182/20 നമ്പർ ഉത്തരവ് പ്രകാരം 3546277 രൂപ തിരികെ ലഭിച്ചു |
| CFLTC | 1500000 രൂപ | കോട്ടയം ജില്ലാ കളക്ടറുടെ 12.05.21 ലെ ഡിഎം1/6182/20 നമ്പർ ഉത്തരവ് പ്രകാരം |

| | | |
|---|---|---|
| | | CFLTC പരിപാലിക്കുന്നതിന് 500000 ലക്ഷം രൂപ ബിംസ് വഴി ലഭിച്ചിരുന്നു. ആയതിൽ 491595 രൂപ ചെലവഴിച്ചു . |

ബഹു.കോട്ടയം ജില്ലാ കളക്ടറുടെ 12.05.21 ലെ ഡിഎം1/6182/20 നമ്പർ ഉത്തരവ് പ്രകാരം CFLTC പരിപാലിക്കുന്നതിന് ലഭിച്ച 5,00,000/- (അഞ്ച് ലക്ഷം) രൂപയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 22/12/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തീയതി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 29.03.2022 | 2021-22 | 101400/- | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ് സിഡി (17/21-22) | 0 | 101400/- |

| | | | | |
|---|---|---|---|---|
| ആകെ | 101400/- | ജില്ല പഞ്ചായത്ത് വിഹിതം | 0 | 101400/- |

ജില്ലാ-ഗ്രാമ പഞ്ചായത്ത് ഫണ്ടുകളുടെ വിനിമയം എ.സി.ആർ. സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. വിവിധ തദ്ദേശ സ്ഥാപന ഗ്രാന്റിന്റെ വിനിയോഗത്തിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | ബ്ലോക്ക് പരിധിയിൽ കുഴൽ കിണർ (15/21-22) | 09.07.2021 | 1000000/- | 0 | 1000000/- |
| | എ എസ് എൻ എം ഓഡിറ്റോറിയം ഭാഗത്ത് കുഴൽ കിണർ നിർമ്മാണം (133/21-22) | 24.02.2022 | 46000/- | 46000/- | 0 |
| | ബ്ലോക്ക് പഞ്ചായത്ത് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം (176/21-22) | 30.03.2022 | 745320/- | 0 | 745320/- |
| ആകെ GWD-യിൽ നിക്ഷേപിച്ചത് | | | 1791320/- | 46000/- | 1745320/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചാത്ത് ഫണ്ടിൽ നിന്നും 2021-22 വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 വർഷത്തെ ധനകാര്യ പത്രിക 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20, 28,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ (ആകെ ചെലവ്-1,08,709 രൂപ) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2009-10 | 3-4 | 2011-12 | - | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. – കെ എസ് ഇ ബി – 565742 രൂപ) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| തെരഞ്ഞെടുത്ത വിഷയങ്ങളിലെ പരിശോധനാ റിപ്പോർട്ട് | | 2017-18 | 2017-18 2-5-4 (ബി) | ഒരേ റോഡിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചു (പുളിമൂട് – നടേപടിക റോഡ്) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2018-19 | 3-1 | 2019-20 | ഭാഗം 3.1 | വായ്പ തുക പിൻവലിച്ച് | വിഷയം നിയമസഭാ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തനത് ഫണ്ടിൽ സൂക്ഷിച്ച- പലിശയിനത്തിൽ വൻതുക ബാദ്ധ്യത | സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 69413744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61223025 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9181884 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 75000 | ശ്രീമതി.വിജി വിശ്വനാഥ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-14 | 84761 | ശ്രീമതി കവിത പി ആർ , സിഡിപിഒ |
| 1-15 | 330715 | ശ്രീമതി കവിത പി ആർ , സിഡിപിഒ |
| 1-16 | 18473 | ശ്രീ.ശ്രീജിത്ത് സി , സെക്രട്ടറി |
| 1-17 | 138875 | ശ്രീ. എം എസ് വിജയൻ , സെക്രട്ടറി |
| 1-18 | 1150000 | ശ്രീ. എം എസ് വിജയൻ , സെക്രട്ടറി |
| 1-23 | 433362 | ശ്രീ.ജിനു വി. , അസി.എഞ്ചിനീയർ |
| 1-25 | 1745320 | ശ്രീ. ലിബി സി. മാത്യൂസ്, സെക്രട്ടറി |
| 1-26 | 445000 | ശ്രീ. ലിബി സി. മാത്യൂസ്, സെക്രട്ടറി |
| | 4760378 | ശ്രീ. എം എസ് വിജയൻ , സെക്രട്ടറി |
| ആകെ | 9181884 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 20/12/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01&2001-02 | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(1)/2018/08.05.2018 | 21 |
| 2002-03 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(2)/2018/08.05.2018 | 6 |
| 2003-04 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(3)/2018/08.05.2018 | 10 |
| 2004-05 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(4)/2018/08.05.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(5)/2018/08.05.2018 | 9 |
| 2006-07 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(6) | 6 |

| | | |
|---|---|---|
| | /2018/08.05.2018 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(7) /2018/08.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(8) /2018/08.05.2018 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(9) /2018/08.05.2018 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(10) /2018/08.05.2018 | 10 |
| 2011-12 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(11) /2018/08.05.2018 | 13 |
| 2012-13 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(12) /2018/10.05.2018 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(13) /2018/10.05.2018 | 7 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(14) /2018/10.05.2018 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(15) /2018/11.05.2018 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി15/994 /2020/ 11.11.2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/727 | 9 |

| | | |
|---|---|---|
| | /2020/27.10.2020 | |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം. പി15/1229<br>/2019/11.03.2020<br>/03.05.2020 | 30 |
| 2019-20 | കെ.എസ്.എ-<br>കെ.ടി.എം.<br>പി15/412/22/<br>22.08.2022/12.09.2022 | 15 |
| 2020-21 | കെ.എസ്.എ-<br>കെ.ടി.എം.പി15/413<br>/22/23.07.2022 | 28 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്